# കൃഷി വിജ്ഞാന കേന്ദ്രം - ആലപ്പുഴ
# ICAR-KRISHI VIGYAN KENDRA - ALAPPUZHA

കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, പ്രാദേശിക കേന്ദ്രം, കായംകുളം - 690 533, കേരളം

Vol. 14 Issue 01
വാല്യം 14 ലക്കം 01

## NEWSLETTER
## വാർത്താപത്രിക

January - March 2016
ജനുവരി - മാർച്ച് 2016





**അകത്താളുകളിൽ**



വിവരസംരക്ഷിത - പരിസ്ഥിതി സൗഹാർദ്ദ നെൽകൃഷി വ്യാപിക്കുന്നു



മഞ്ഞൾ വിളവെടുപ്പ്



തെങ്ങിന്റെ ചെന്നീരൊലിപ്പ് നിയന്ത്രണം



കാർഷിക വിദ്യാസംഗമം

## കെ.വി.കെ ആലപ്പുഴ കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണത്തിന്റെ സംസ്ഥാനതല പരിശീലന കേന്ദ്രമാകുന്നു

കാർഷിക വിളകളുടെ ഉത്പാദനത്തിലെന്ന പോലെ അവയുടെ മൂല്യവർദ്ധനവിലും ഊന്നൽ കൊടുത്താൽ മാത്രമെ കാർഷികരംഗത്ത് മികച്ച ആദായം ഉറപ്പുവരുത്താനാകൂ. ഈ മേഖലയിൽ പരിശീലനങ്ങളും സാങ്കേതികവിദ്യകളും നൽകുന്നതിൽ ജില്ലയിലെ ഒരു പ്രധാനപരിശീലനകേന്ദ്രമാണ് ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാനകേന്ദ്രം. ജില്ലയ്ക്കകത്തും പുറത്തുനിന്നുമായി കഴിഞ്ഞ ഏതാനും വർഷങ്ങളിൽ നാളീകേരം, ചക്ക, പച്ചക്കറികൾ എന്നിവയുടെ മൂല്യവർദ്ധിത ഉത്പ്പന്ന നിർമ്മാണ പരിശീലനത്തിനായി സംരംഭകർ, കർഷകർ, വനിതകൾ, യുവജനങ്ങൾ എന്നിവർ എത്തുന്നു എന്നുള്ളത് ആലപ്പുഴ കെ.വി.കെയ്ക്ക് ലഭിക്കുന്ന അംഗീകാരമാണ്. 2015 -16 വർഷത്തിൽ സംസ്ഥാന കൃഷിവകുപ്പിന്റെ പച്ചക്കറി വികസന പദ്ധതി പ്രകാരം കേരളത്തിലെ 14 ജില്ലകളിലേയും 'എ' ഗ്രേഡ് പച്ചക്കറി ക്ലസ്റ്ററിൽ നിന്നുള്ള കർഷകർ പരിശീലനത്തിനായി കെ.വി.കെയിൽ എത്തുകയുണ്ടായി.



**പരിശീലനാർത്ഥികളുടെ ജില്ലാടിസ്ഥാനത്തിലുള്ള എണ്ണം (2015-16)**

| ജില്ല | പരിശീലനം നേടിയവർ | |
|---|---|---|
| | ചക്ക സംസ്കരണം | പച്ചക്കറി സംസ്കരണം |
| തിരുവനന്തപുരം | 19 | 22 |
| കൊല്ലം | 53 | 13 |
| പത്തനംതിട്ട | 05 | 10 |
| ആലപ്പുഴ | 96 | 32 |
| കോട്ടയം | 11 | 14 |
| ഇടുക്കി | 08 | 11 |
| എറണാകുളം | 17 | 11 |
| തൃശ്ശൂർ | 04 | 07 |
| പാലക്കാട് | 07 | 09 |
| മലപ്പുറം | 14 | 15 |
| കോഴിക്കോട് | 13 | 11 |
| വയനാട് | 03 | 13 |
| കണ്ണൂർ | 08 | 11 |
| കാസറഗോഡ് | 34 | 09 |
| **ആകെ** | **292** | **188** |

ഈ പ്രവർത്തനങ്ങളുടെ തുടർച്ചയായി കെ.വി.കെയിൽ സംരംഭകർക്കായി ഒരു ഇൻക്യുബേഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള പരിശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇൻക്യുബേഷൻ സെന്ററിലൂടെ സംരംഭത്തെക്കുറിച്ചുള്ള പ്രാഥമിക വിവരങ്ങൾ മനസ്സിലാക്കുന്നതിനും ഉത്പന്നത്തിന്റെ വിപണി മനസ്സിലാക്കുന്നതിനുമുള്ള സൗകര്യങ്ങളാണ് സംരംഭകർക്ക് നൽകുന്നത്. കാർഷിക മേഖലകളിലെ

സംരംഭകർ, വ്യവസായ വകുപ്പിൽനിന്ന് നാമനിർദ്ദേശം ചെയ്യുന്ന സംരംഭകർ, കുടുംബശ്രീ സംരംഭകർ എന്നിവർക്കെല്ലാം പ്രയോജനപ്രദമാകുന്ന ഇൻക്യുബേഷൻ സെന്റർ, കാർഷികോല്പന്നങ്ങളുടെ സംസ്ഥാനതല മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണ പരിശീലനകേന്ദ്രത്തിന്റെ ഭാഗമായാണ് വിഭാവനം ചെയ്യുന്നത്.

### കുട്ടനാട്ടിൽ വിഭവസംരക്ഷിത – പരിസ്ഥിതി സൗഹാർദ്ദ നെൽകൃഷി വ്യാപിക്കുന്നു

ഉത്പാദനോപാധികളുടെ ഉപയോഗം ഗണ്യമായി കുറച്ച്, പ്രകൃതിയെ സംരക്ഷിച്ച് പരമാവധി വിളവ് ലഭിക്കുന്ന 'വിഭവസംരക്ഷിതവും പരിസ്ഥിതി സൗഹാർദ്ദവുമായ നെൽകൃഷി' കഴിഞ്ഞ 3-4 വർഷങ്ങളായി ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാനകേന്ദ്രം കുട്ടനാട്ടിൽ വ്യാപിപ്പിച്ച് വരികയാണ്. ഈ കൃഷിരീതിയിൽ മണ്ണുപരിശോധനാടിസ്ഥാനത്തിലുള്ള കുമ്മായ-വളപ്രയോഗം, ഡ്രംസീഡർ ഉപയോഗിച്ചുള്ള വിത്തിടൽ, സ്യൂഡോമോണാസ്, ട്രൈക്കോകാർഡ് എന്നിവ ഉപയോഗിച്ചുള്ള സംയോജിത കീടരോഗ നിയന്ത്രണം എന്നിവയിലൂടെ ഉയർന്ന വിളവും ഉത്പാദനക്ഷമതയും കൈവരിക്കാനായി. കുട്ടനാട്ടിൽ മുട്ടാർ, കൈനകരി പഞ്ചായത്തിലെ 46 കർഷകരുടെ പങ്കാളിത്തത്തോടെ 44 ഹെക്ടർ സ്ഥലത്ത് 2015-16 നവംബർ-മാർച്ച് കാലയളവിൽ ഈ രീതി അവലംബിച്ച് പ്രദർശന നെൽകൃഷി നടത്തുകയുണ്ടായി.

കൈനകരി പഞ്ചായത്തിലെ കൊയ്ത്തുത്സവം മാർച്ച് 17ന് ഉമ്പുക്കാട്ടുശ്ശേരി പാടശേഖരത്തിൽ ആത്മ ഡപ്യൂട്ടി പ്രോജക്ട് ഡയറക്ടർ ശ്രീമതി.എൽ.ശ്രീലേഖ ഉത്ഘാടനം ചെയ്തു. കെ.വി.കെ യുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ വിഭവസംരക്ഷിത-പരിസ്ഥിതി സൗഹാർദ്ദ



നെൽകൃഷി രീതികൾ ആത്മ പദ്ധതിയിലുൾപ്പെടുത്തി ജില്ലയൊട്ടാകെ വ്യാപിപ്പിക്കാനുള്ള പരിപാടികൾ ആവിഷ്ക്കരിക്കുമെന്ന് അവർ അറിയിച്ചു. ഡോ. പി.മുരളീധരൻ, ഹെഡ്, കെ.വി.കെ; ശ്രീമതി. എൻ.രമാദേവി, ചമ്പക്കുളം കൃഷി അസിസ്റ്റന്റ് ഡയറക്ടർ; ശ്രീമതി. കെ.ജെ.മെഴ്സി, കൃഷി ഓഫീസർ; എം.എസ്.രാജീവ്, സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ്, കെ.വി.കെ; കെ.ബി.പ്രസന്നകുമാർ, ഉമ്പുക്കാട്ടുശ്ശേരി പാടശേഖര സെക്രട്ടറി, പങ്കാളിത്ത കർഷകനായ ശ്രീ. വി.കെ.സന്തോഷ്കുമാർ എന്നിവർ ചടങ്ങിൽ സംസാരിച്ചു.

മുട്ടാർ പഞ്ചായത്തിലെ കൊയ്ത്തുത്സവം പള്ളിക്കടവ്-ഊരായിക്കരി പാടശേഖരത്തിൽ മാർച്ച് 21ന് മുട്ടാർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. മാത്തുക്കുട്ടി ഈപ്പൻ



ഉദ്ഘാടനം ചെയ്തു. ശ്രീ. എം.കെ.ജോസഫ്, ഗ്രാമപഞ്ചായത്തംഗം; ഡോ.പി.മുരളീധരൻ, കൃഷി വിജ്ഞാനകേന്ദ്രം മേധാവി; ശ്രീ.ശ്രീകുമാരപണിക്കർ, കൃഷി ഓഫീസർ; റവ. ഫാദർ മാർട്ടിൻ തൈപ്പറമ്പിൽ; പങ്കാളിത്ത കർഷകരായ ശ്രീ. എം.കെ.തോമസ്, ശ്രീ.പി.എ.തോമസ്, അഡ്വ.മുട്ടാർ ഗോപാലകൃഷ്ണൻ; കെ.വി.കെ സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് ശ്രീ. എം.എസ്.രാജീവ് എന്നിവർ സംസാരിച്ചു. അറുപതോളം കർഷകർ പങ്കെടുത്ത ചടങ്ങിൽ വിഭവസംരക്ഷിത-പരിസ്ഥിതി സൗഹാർദ്ദ നെൽകൃഷി രീതി സാമ്പ്രദായിക രീതികളെ അപേക്ഷിച്ച് ചിലവ് കുറഞ്ഞതും മികച്ച വിളവു തരുന്നതുമാണെന്ന് പങ്കാളിത്ത കർഷകർ അഭിപ്രായപ്പെട്ടു.

### ഫീൽഡ് ദിനാചരണങ്ങൾ

കെ.വി.കെ ആലപ്പുഴയുടെ നേതൃത്വത്തിൽ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി കർഷകരുടെയും പാടശേഖരസമിതികളുടേയും സ്വയംസഹായ സംഘങ്ങളുടേയും സഹകരണത്തോടെ നടപ്പിലാക്കിയ സാങ്കേതിക വിദ്യാപ്രദർശനങ്ങളുടെ അവലോകനവും ഫീൽഡ് ദിനാചരണവും സംഘടിപ്പിച്ചു.

#### (1) തെങ്ങിന്റെ ചെന്നീരൊലിപ്പു നിയന്ത്രണം – കരുവാറ്റ

തീരദേശ മേഖലയിലെ തെങ്ങുകളെ മാരകമായി

ബാധിക്കുന്ന ഒരു കുമിൾ രോഗമാണ് ചെന്നീരൊലിപ്പ്. ഇത് ബാധിക്കുന്ന തെങ്ങുകൾ ആരോഗ്യം നശിച്ച്, ഉത്പാദനക്ഷമത കുറഞ്ഞ് ഒടുവിൽ നശിച്ചുപോകുകയാണ് പതിവ്. ജൈവിക രീതിയിൽ ഇതിനെപ്രതിരോധിക്കുന്നതിനുള്ള സാങ്കേതിക വിദ്യ കെ.വി.കെ യിൽ കണ്ടെത്തിയിട്ടുണ്ട്. 2012 മുതൽ 2015 വരെയുള്ള കാലയളവിൽ ഈ ജൈവിക നിയന്ത്രണ മാർഗ്ഗം കരുവാറ്റ പഞ്ചായ



ത്തിലെ 100 ലേറെ രോഗബാധിത തെങ്ങുകളിൽ പ്രയോഗിച്ച് രോഗ നിയന്ത്രണം സാധ്യമാക്കി. ഇതോടനുബന്ധിച്ച് പങ്കാളിത്ത കർഷകരേയും കരുവാറ്റയിലെ ജനപ്രതിനിധികളേയും കൃഷി ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചുകൊണ്ട് ജനുവരി 16ന് ഒരു കർഷക സംഗമം നടത്തി. എഴുപതോളം കർഷകർ പങ്കെടുത്ത പരിപാടിയിൽ പങ്കാളിത്ത കർഷകർ തങ്ങളുടെ അനുഭവങ്ങൾ പങ്കുവെച്ചു.

### (2) തെങ്ങിൻതോപ്പിലെ ഇടവിളയായ് 'പ്രതിഭ' ഇനം മഞ്ഞൾ – ഭരണിക്കാവ്

ഭാരതീയ സുഗന്ധവിള ഗവേഷണ കേന്ദ്രം (IISR) വികസിപ്പിച്ച അത്യുത്പാദനശേഷിയുള്ള മഞ്ഞളിനമായ 'പ്രതിഭ' ഭരണിക്കാവ്, ആര്യാട് പഞ്ചായത്തുകളിലെ തെരഞ്ഞെടുത്ത 20 കർഷകരുടെ പങ്കാളിത്തത്തോടെ തെങ്ങിൻ പുരയിടങ്ങളിൽ ഇടവിളയായി കൃഷി ചെയ്യുകയുണ്ടായി. ഇതിന്റെ വിളവെടുപ്പിനോടനുബന്ധിച്ച് ഭരണിക്കാവ് പഞ്ചായത്തിന്റെ കമ്മ്യൂണിറ്റി ഹാളിൽ ഫെബ്രുവരി 2ന് സംഘടിപ്പിച്ച കർഷക സംഗമം ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. രജനി ജയദേവ് ഉദ്ഘാടനം ചെയ്തു. ഈ അവസരത്തിൽ, മഞ്ഞൾ കൃഷിയുടെ വിളവ്, തെങ്ങിൻതോപ്പിൽ ഇടവിളയായി മഞ്ഞൾ കൃഷി ചെയ്യുന്നതു കൊണ്ടുള്ള മെച്ചം എന്നിവ പങ്കാളികളായ കർഷകർ അവലോകനം ചെയ്തു. ഗ്രാമപഞ്ചായത്തംഗം ശ്രീ. ഫസൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ നബാർഡ് എ.ജി.എം. ശ്രീ. രഘുനാഥൻപിള്ള, കെ.വി.കെ. മേധാവി ഡോ.പി.മുരളീധരൻ, എസ്.എം.എസ്. ശ്രീ.എം.എസ്.രാജീവ്, കൃഷി ഓഫീസർ ശ്രീമതി.ഷാനിദാ ബീവി, കർഷകരായ ശ്രീ.ആനന്ദൻ, ശ്രീ.ഭാസ്കരൻ നായർ, ശ്രീ. പരമേശ്വരൻ അയ്യർ തുടങ്ങിയവർ



സംസാരിച്ചു. എഴുപത്തിഅഞ്ചോളം കർഷകർ പരിപാടിയിൽ പങ്കെടുത്തു. ഭരണിക്കാവ് ബ്ലോക്ക് കേന്ദ്രീകരിച്ച് കർഷകരുടെ നേതൃത്വത്തിൽ ഒരു മഞ്ഞൾ ഉത്പാദക കമ്പനിയുടെ രൂപീകരണവും ചർച്ച ചെയ്തു.

### (3) ലോ ഗ്ലൈസീമിക് ഇൻഡക്സ് ഫുഡ് മിക്സ് – ആര്യാട്

ആര്യാട് പഞ്ചായത്തിലെ അതുല്യ കുടുംബശ്രീയുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കിയ ലൊ ഗ്ലൈസീമിക് ഇൻഡക്സ് ഫുഡ് മിക്സിന്റെ ആദ്യ വിൽപനയും യൂണിറ്റിന്റെ ഉദ്ഘാടനവും മാർച്ച് 21ന് ആര്യാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. കവിതാ ഹരിദാസ് നിർവ്വഹിച്ചു. ജീവിത ശൈലീരോഗങ്ങൾ നിയന്ത്രിക്കുന്ന



തിനായി വിവിധ ചെറുധാന്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് തയ്യാറാക്കുന്ന ലൊ ഗ്ലൈസീമിക് ഇൻഡക്സ് ഫുഡ് മിക്സ് ചെറുകിട മൂല്യവർദ്ധിത ഉത്പന്ന സംരംഭമായി വനിതാ സ്വയംസഹായ സംഘങ്ങൾക്ക് ആരംഭിക്കാവുന്നതാണ്. ഡോ. പി.മുരളീധരൻ, ഹെഡ്, കെ.വി.കെ;

ശ്രീമതി.സഫീന കെ.എസ്, ആര്യാട് ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ; ശ്രീമതി. അനിതാഗോപി, ഗ്രാമപഞ്ചായത്തംഗം; ശ്രീമതി.ജിസ്സി ജോർജ്ജ്, സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് കെ.വി.കെ; ശ്രീ.പുഷ്പാംഗദൻ, ഫാർമേഴ്സ് ക്ലബ് പ്രസിഡന്റ്; അതുല്യ കുടുംബശ്രീ പ്രവർത്തക ശ്രീമതി.രാധ.എസ് എന്നിവർ ചടങ്ങിൽ സംസാരിച്ചു.

### കാർഷിക സാങ്കേതിക വിദ്യാസംഗമം – 'സമൃദ്ധി 2016'

കൃഷി വിജ്ഞാനകേന്ദ്രം, ആത്മ ആലപ്പുഴയുമായി സഹകരിച്ചുകൊണ്ട് കാർഷിക സാങ്കേതികവിദ്യാ സംഗമ



-കാർഷിക പ്രദർശനം (സമൃദ്ധി 2016) ഹരിപ്പാട് റോളാ ആഡിറ്റോറിയത്തിൽ ജനുവരി 23 മുതൽ 25 വരെ തീയതികളിൽ സംഘടിപ്പിച്ചു. ബഹു. സംസ്ഥാന ആഭ്യന്തരമന്ത്രി ശ്രീ.രമേശ് ചെന്നിത്തല പരിപാടി ഉദ്ഘാടനം ചെയ്തു. മികച്ച കാർഷിക സാങ്കേതിക വിദ്യകൾ കർഷകരിലെത്തിക്കുന്നതിന്റെ ഭാഗമായി സാങ്കേതിക വിദ്യാസംഗമത്തിൽ കർഷക-ശാസ്ത്രജ്ഞ മുഖാമുഖം സംഘടിപ്പിച്ചു. ആലപ്പുഴ ജില്ലയിലെ സംയോജിത കൃഷിക്കനുയോജ്യമായ കാർഷിക സാങ്കേതിക വിദ്യകൾ എന്ന വിഷയത്തിൽ സംഘടിപ്പിച്ച മുഖാമുഖം പരിപാടിയിൽ കെ.വി.കെ സാങ്കേതിക വിദഗ്ദ്ധർ, കാർഷിക സർവകലാശാലയിൽ നിന്നുള്ള ശാസ്ത്രജ്ഞർ, കൃഷിവകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്ത് കർഷകരുമായി സംവദിച്ചു. തെങ്ങധിഷ്ഠിത സംയോജിത കൃഷിരീതികൾ, ശാസ്ത്രീയ മണ്ണു



പരിപാലനം, ജൈവവളങ്ങളുടെ പ്രാധാന്യവും ഉപയോഗവും, അത്യുത്പാദനശേഷിയുള്ള ഇനങ്ങൾ, സംയോജിത വിളപരിപാലനമാർഗ്ഗങ്ങൾ, കാർഷികവിളകളുടെ മൂല്യവൽക്കരണം എന്നീ വിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ടു. ചോദ്യങ്ങളും സംശയങ്ങളും ഉന്നയിച്ച കർഷകർക്ക്



ബന്ധപ്പെട്ട വിദഗ്ദരിൽനിന്നും നേരിട്ട് പരിഹാരങ്ങളും നിർദ്ദേശങ്ങളും ലഭിച്ചത് തികച്ചും ഫലപ്രദമായിരുന്നുവെന്ന് കർഷകർ വിലയിരുത്തി. മൂന്ന് ദിവസങ്ങളിലായി ആയിരത്തോളം കർഷകർ പങ്കെടുത്ത ഈ പരിപാടിയിൽ ആത്മ ആലപ്പുഴ, കെ.വി.കെ എന്നിവ കൂടാതെ കൃഷിവകുപ്പ്, ഫിഷറീസ് വകുപ്പ്, ക്ഷീരവികസനവകുപ്പ്, കെയ്കൊ, റെയ്ഡ്കൊ, അഗ്മാർക്ക്, കർഷക സംരഭകർ എന്നിവരുടെ പ്രദർശനസ്റ്റാളുകളും ഒരുക്കിയിരുന്നു.

### 6. പരിശീലനപരിപാടികൾ

ജനുവരി-മാർച്ച് കാലയളവിൽ നടത്തിയ 29 പരിശീലനപരിപാടികളിലായി 639-ഓളം യുവജനങ്ങൾ, വനിതകൾ, കർഷകർ, വിജ്ഞാനവ്യാപനപ്രവർത്തകർ എന്നിവർ പങ്കെടുത്തു.

**വാഴയുടെ തടപ്പുഴു നിയന്ത്രണത്തിനുള്ള ജൈവ കീടനാശിനിയായ 'നന്മ' കെ.വി.കെയിൽ ലഭ്യമാണ്.**

**കൂടുതൽ വിവരങ്ങൾക്ക്...**

സീനിയർ സയന്റിസ്റ്റ് & ഹെഡ്,
കൃഷി വിജ്ഞാന കേന്ദ്രം-ആലപ്പുഴ,
സി.പി.സി.ആർ.ഐ.(ആർ.എസ്.),
കായംകുളം, കൃഷ്ണപുരം പി.ഒ.-690533.
ഫോൺ/ ഫാക്സ്: 0479 2449268.
Email: kvkalapuzha@gmail.com
www.kvkalappuzha.org

Printed & Published by : Dr. P. Chowdappa, Director, CPCRI, Kasaragod; Co-ordination & Editing : Dr. P. Muralidharan, Senior Scientist & Head; Design, Layout & Compilation: Jissy George; Technical Inputs : Rajeev M.S., Lekha G, Dr. S. Ravi., Dr. K. Sajnanath & T. Sivakumar; Technical Assistance : Arathy Balakrishnan, Ansary K.M, Bijila P.V & Reema Anand.; Photos: KVK Staff & E.R. Ashokan